**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2358** **05-02-2026 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ അലവൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് അലവൻസ്, സിറ്റിംഗ് ഫീ ഇനങ്ങളിൽ എത്ര രൂപ വീതമാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ; | (എ) | 30.01.2018-ലെ സ.ഉ.(അച്ചടി) നം.9/2018/LSGD നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, വൈസ് പ്രസിഡന്റുമാർക്കും, മുനിസിപ്പാലിറ്റി ചെയർമാൻ/ വൈസ് ചെയർമാൻ, കോർപറേഷൻ മേയർ/ ഡെപ്യൂട്ടി മേയർ എന്നിവർക്കും 5 യോഗങ്ങൾക്ക് പരമാവധി 1250/- രൂപയും, മറ്റ് ജനപ്രതിനിധികൾക്ക് (അംഗങ്ങൾക്ക്) 5 യോഗങ്ങൾക്ക് പരമാവധി 1000/- രൂപയും സിറ്റിംഗ് ഫീസായി നൽകിവരുന്നു. |
| (ബി) | ഇവർക്ക് യാത്രാബത്തക്ക് അർഹതയുണ്ടോ; എങ്കിൽ ടി.എ, ഡി.എ. ഇനത്തിൽ എത്ര രൂപ വീതം അനുവദിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | പഞ്ചായത്ത് രാജ് ആക്റ്റ് (ജനപ്രതിനിതികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടം 7 (1)-ൽ ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിൻറെ പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും പൊതു കാര്യത്തിനായി യാത്ര ചെയ്യുമ്പോൾ അതാതു സമയം നിലവിലുള്ള KSR ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസരിച്ച് ഒന്നാം ക്ലാസ്സ് സർക്കാർ ഉദ്യോഗസ്ഥന്മാർക്കു അർഹതപ്പെട്ട നിരക്കിലുള്ള യാത്രാപ്പടിക്കും ദിനബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.<br><br>ചട്ടം 7(2) ജില്ലാ പഞ്ചായത്തിലെ അംഗങ്ങൾക്കും ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തുകളിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാർക്കും പൊതുകാര്യത്തിനായി യാത്ര ചെയ്യുമ്പോൾ അതാതു സമയം നിലവിലുള്ള കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസരിച്ച് ഒന്നാം ക്ലാസ്സ് സർക്കാർ ഉദ്യോഗസ്ഥർക്ക് അർഹതപ്പെട്ട നിരക്കിലുള്ള യാത്രാപ്പടിക്കും -ദിനബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | ചട്ടം 7 (3) ബ്ലോക്ക് പഞ്ചായത്തിലെയും ഗ്രാമപഞ്ചായത്തിലെയും ഓരോ അംഗത്തിനും അതാതു സമയം നിലവിലുള്ള കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസരിച്ച് II(എ) ക്ലാസ് സർക്കാർ ഉദ്യോഗസ്ഥർക്ക് അർഹതപ്പെട്ട നിരക്കിലുള്ള യാത്രാപ്പടിക്കും ദിനബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.<br><br>ചട്ടം 8 (4) പഞ്ചായത്തിലെ ജനപ്രതിനിധികളുടെ യാത്രാബത്ത കേരളസർവ്വീസ് ചട്ടങ്ങൾ പ്രകാരം നിജപ്പെടുത്തേണ്ടതും സർക്കാർ അനുശാസിക്കുന്ന മാസ/ത്രൈമാസ പരിധി ബാധകമാവുന്നതാണ്. |
| (സി) | ജനപ്രതിനിധികൾ നടത്തുന്ന ഔദ്യോഗിക യാത്രകൾക്ക് ഭരണസമിതിയുടെ മുൻകൂർ അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കാമോ? | (സി) | പഞ്ചായത്ത് രാജ് ആക്റ്റ് (ജനപ്രതിനിതികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടം 8(1) - ൽ പഞ്ചായത്ത് ആസ്ഥാനത്തുനിന്നും എട്ടു കിലോമീറ്ററിനകം ദൂരമുള്ള ഒരു സ്ഥലത്തു നിന്നോ അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥലത്തേക്കോ നടത്തിയ യാത്രയ്ക്കും ബന്ധപ്പെട്ട പഞ്ചായത്ത് അംഗീകരിച്ചിട്ടില്ലാത്ത യാത്രയ്ക്കും യാത്രപ്പടി ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.<br><br>ചട്ടം 8(3) - ൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം ഇല്ലാതെ പ്രസിഡന്റോ, വൈസ് പ്രസിഡന്റോ അംഗമോ സംസ്ഥാനത്തിന്റെ പുറത്തേക്ക് യാത്ര നടത്തിയാൽ അത്തരം യാത്രകൾക്ക് യാത്രാപ്പടി ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.<br><br>എന്നാൽ പഞ്ചായത്ത് കാര്യങ്ങളുമായി ബന്ധപ്പെട്ടു, സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിലുള്ള പഞ്ചായത്തുകളിലെ പ്രസിഡന്റോ, വൈസ് പ്രസിഡന്റോ അംഗമോ സംസ്ഥാനത്തിന്റെ അതിർത്തിക്കു പുറത്തു തൊട്ടടുത്തുള്ള ഒരു സ്ഥലത്തേക്കു നടത്തുന്ന യാത്രകൾക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങേണ്ട ആവശ്യം ഇല്ല. |

സെക്ഷൻ ഓഫീസർ